ഫാറം-VII

[ചട്ടം 23(1) കാണുക]

തലശ്ശേരി മുനിസിപ്പൽ കൗൺസിൽ

**2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9) 36-ാംവകുപ്പ് (10)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ അനുമതി നൽകിയ മാസ്റ്റർ പ്ലാൻ പ്രസിദ്ധികരിച്ചതു സംബന്ധിച്ച നോട്ടീസ്**

താഴെ പറയുന്ന അതിരുകളോടുകൂടിയ തദ്ദേശ പ്രദേശത്തിനായി/തദ്ദേശാസൂത്രണ പ്രദേശത്തിന്റെ ഭാഗത്തിനായി തലശ്ശേരി മുനിസിപ്പൽ കൗൺസിൽ പരിഷ്കരണങ്ങളോട് കൂടി വ്യതിയാനം വരുത്തിയ തലശ്ശേരി മാസ്റ്റർ പ്ലാൻ (ഡെവലപ്മെൻറ് പ്ലാൻ ഫോർ ടെലിച്ചെറി ടൌൺ), 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ (2016-ലെ 9) 36-ാം വകുപ്പ് (8)- ാം ഉപവകുപ്പ് പ്രകാരം സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(കൈ) നം. 46/2026/ത.സ്വ.ഭ.വ. തീയതി 06.02.2026 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുള്ളതും മാസ്റ്റർ പ്ലാനിന് അനുമതി നൽകിയിട്ടുള്ള വസ്തുത 11.02.2026 തീയതിയിലെ കേരള ഗസറ്റ് അസാധാരണം, വാല്യം 15, നമ്പർ 588 നോട്ടീസ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണെന്ന് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

| | |
|---|---|
| വടക്ക്: | ധർമ്മടം ഗ്രാമപഞ്ചായത്ത്, എരഞ്ഞോളി ഗ്രാമപഞ്ചായത്ത്, തലശ്ശേരി മുനിസിപ്പാലിറ്റിയിൽ കോടിയേരി (179), |
| കിഴക്ക്: | മുഴിക്കര (180) ദേശങ്ങളിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ, എരഞ്ഞോളി ഗ്രാമപഞ്ചായത്ത്. |
| തെക്ക് : | ലക്ഷദ്വീപ് കടൽ, ന്യൂ മാഹി ഗ്രാമപഞ്ചായത്ത്, തലശ്ശേരി മുനിസിപ്പാലിറ്റിയിലെ വയലളം (170), കോടിയേരി (179) ദേശങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങൾ |
| പടിഞ്ഞാറ് : | ലക്ഷദ്വീപ് കടൽ |

മാസ്റ്റർ പ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദനഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ.

(എ) അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ -

1. DTP സ്കീം ഫോർ വയലളം ഏരിയ, തലശ്ശേരി

2. DTP സ്കീം ഫോർ ന്യൂ ബസ് സ്റ്റാന്റ് ഏരിയ, തലശ്ശേരി

3. DTP സ്കീം ഫോർ ജൂബിലി മാർക്കറ്റ് ഏരിയ, തലശ്ശേരി

(ബി) പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ -

1. DTP സ്കീം ഫോർ ടൌൺ ഹാൾ ഏരിയ, തലശ്ശേരി

2. DTP സ്കീം ഫോർ ഓടത്തിൽ പള്ളി ഏരിയ, തലശ്ശേരി

(സി) മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കാൻ ഉദ്ദശിക്കുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ, കാരണ സഹിതം വിശദീകരിക്കുക - ബാധകമല്ല

(ഡി) നിലനിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ -

1. DTP സ്കീം ഫോർ വയലളം ഏരിയ, തലശ്ശേരി

2. DTP സ്കീം ഫോർ ന്യൂ ബസ് സ്റ്റാന്റ് ഏരിയ, തലശ്ശേരി

3. DTP സ്കീം ഫോർ ജൂബിലി മാർക്കറ്റ് ഏരിയ, തലശ്ശേരി

സർക്കാർ അനുമതി നൽകിയ തലശ്ശേരി മാസ്റ്റർ പ്ലാൻ (ഡെവലപ്മെൻറ് പ്ലാൻ ഫോർ ടെലിച്ചെറി ടൌൺ) വ്യതിയാനത്തിന്റെ പ്രസക്ത ഭാഗങ്ങൾ തലശ്ശേരി മുനിസിപ്പൽ കൗൺസിലിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.thalasserymunicipality.lsgkerala.gov.in ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർക്കാർ അനുമതി നൽകിയ മാസ്റ്റർ പ്ലാനിന്റെ പകർപ്പ് തലശ്ശേരി മുനിസിപ്പൽ കൗൺസിൽ കാര്യാലയത്തിൽ പ്രവൃത്തി സമയങ്ങളിൽ പരിശോധധനയ്ക്ക് /വിൽപ്പനയ്ക്ക് ലഭ്യമാണ്.

ഈ പ്ലാനിന് അനുസൃതമായല്ലാതെ യാതൊരാളും ഏതൊരു ഭൂമിയും വിനിയോഗിക്കുകയോ വിനിയോഗിക്കാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂമിയുടെ വികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

സെക്രട്ടറി

ചെയർപേഴ്സൺ

സ്ഥലം: തലശ്ശേരി

തീയതി : 12/05/2026